**അമൃതമഹോത്സവത്തിൻറെ ഭാഗമായി സ്കൂളിൽ**
**സംഘടിപ്പിച്ച**
**പ്രാദേശിക ചരിത്ര രചന**

# ഗ്രാമ സ്മരണകൾ



**സെൻറ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂൾ, പൂഞ്ഞാറ**

# ആമുഖം

നൂറ്റാണ്ടുകളിലൂടെ മനുഷ്യരാശി സമാർജ്ജിച്ച അനുഭവങ്ങളുടെ ജീവശേഖരമാണ് ചരിത്രം. ചരിത്രമാണ് ജനതയുടെ വഴിക്കാട്ടി. വർത്തമാന ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്ന എല്ലാ മൂലകങ്ങളും ആദർശങ്ങളും ചരിത്രത്തിൽ നിന്നാണ് ഉതിരുന്നത്. ഈ ചരിത്രം വർത്തമാന കാല മനുഷ്യനെ പ്രചോദിപ്പിക്കാൻ സഹായകമാണ്. ചരിത്രബോധം ഉണ്ടാകാനും അന്വേഷണത്വര വർധിക്കാനും ചരിത്രരചനയുടെ സ്വഭാവം മനസ്സിലാക്കാനും പ്രാദേശിക ചരിത്രം നമ്മെ സഹായിക്കുന്നു.

ഭാരതത്തിൻറെ 75-ാം സ്വാതന്ത്ര്യ ലബ്ദിയോടനുബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കിയ അമൃത മഹോത്സവത്തിൻറെ ഭാഗമായി തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയിലെ എല്ലാ വിദ്യാർത്ഥികളും അവരുടെ പ്രദേശത്തെ ചരിത്രരചന തയ്യാറാക്കുവാൻ ആവശ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ സ്വാതന്ത്ര്യസമരങ്ങൾക്കും സാംസ്കാരിക ചരിത്രത്തിനും പ്രാധാന്യം നൽകികൊണ്ട് സെൻറ് ഫിലോമിനാസ് പൂന്തുറയിലെ ഹൈസ്കൂൾ യു.പി. വിഭാഗത്തിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ ചരിത്ര രചനയുടെ സംക്ഷിപ്ത രൂപം.

# പൂന്തുറ ചരിത്രം

## ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ :

പൂന്തുറ അതിമനോഹരമായ കടലോര ഗ്രാമം, സൂര്യരശ്മികൾ അത്യുച്ചത്തിൽ എത്തുമ്പോഴും കടൽക്കാറ്റിനാൽ കുളിരണിയിക്കുന്ന പ്രദേശം അക്ഷാംശ രേഖാംശ രേഖകൾ യഥാക്രമം 8.443 യും76.9480 ഡിഗ്രി കിഴക്കുമാണ്. പടിഞ്ഞാറ് അറബിക്കടലു കിഴക്ക് പാർവതി പുത്തനാറാലും ചുറ്റപ്പെട്ട പ്രദേശം. കരമനയാറും, വെള്ളയാണിക്കായലും പാർവ്വതി പുത്തനാറും ചേരുന്ന അഴിമുഖം പൂന്തുറയുടെ തെക്കേയറ്റത്തുണ്ട്. പുത്തൻപള്ളി എസ്.എം. ലോക്ക്, പരുത്തിക്കുഴി, ഇടയാർ, പൂന്തുറ തീരപ്രദേശം എന്നീ കൊച്ചു സ്ഥലങ്ങൾ ചേർന്നതാണ് പൂന്തുറ.

## സ്ഥലനാമ ചരിത്രം :

പണ്ട് കാലത്ത് ഈ പ്രദേശം പൂക്കൾ നിറഞ്ഞതായിരുന്നു. കൂടാതെ കാട്ടുമുണ്ടായിരുന്നു. പൂക്കൾ നിറഞ്ഞതുറയായതിനാൽ ഇതിന് പൂന്തുറ എന്ന പേര് ലഭിച്ചു. പാർവ്വതി പുത്തനാറും വെള്ളയാണി കായലും, കരമനയാറും സംഗമിക്കുന്ന മൂന്നാറ്റുമുക്ക് പൂന്തുറയിലെ തെക്ക് കിഴക്ക് സ്ഥിതി ചെയ്യുന്നു.

## സാമൂഹ്യ ജീവിതം :

പരസ്പരം സഹകരണ മനോഭാവവും അഗാധമായ വിശ്വാസമുള്ള ഹിന്ദു-മുസ്ലിം-ക്രിസ്തുമത വിശ്വാസികൾ ഇട കലർന്ന് ജീവിക്കുന്ന പ്രദേശം. മൂന്ന് വ്യത്യസ്ത തരം മതം ഇവിടെയുണ്ടെങ്കിലും സഹോദരങ്ങളെ പോലെ ജീവിക്കുന്ന ഒരു ജന സമൂഹമാണ് ഇവിടത്തെ ജനത.

## സാമ്പത്തികം:

പൂന്തുറയിലെ പ്രധാന ഉപജീവന മാർഗ്ഗം മത്സ്യബന്ധനമാണ്. കൂടാതെ ധാരാളം കച്ചവട കേന്ദ്രങ്ങൾ ഇവിടെയുണ്ട്. കടലിനെ ആശ്രയിച്ച് ജീവിക്കുന്ന 'കടലമ്മയുടെ മക്കൾ' എന്ന വിശേഷിപ്പിക്കപ്പെടുന്ന ഇവർ വിദ്യാഭ്യാസ മേഖലയിലും ഉയർച്ച കൈവരിച്ചുകഴിഞ്ഞു. പൂന്തുറ തീരദേശമല്ലാതെവരുന്ന മാണിക്യവിളാകം, പരുത്തിക്കുഴി തുടങ്ങിയ സ്ഥലങ്ങളിലെ ജനങ്ങൾ പ്രധാനമായും കച്ചവടത്തെ ആശ്രയിക്കുന്നു. സാമ്പത്തികമായി വിലയിരുത്തിയാൽ ഉച്ച നീചത്വങ്ങൾ ഇവിടെയും കാണാം. എന്നാലും ഏവരെയും സഹായിക്കുവാനും ഏത് പ്രതിസന്ധി ഘട്ടത്തിലും തലയുയർത്തി നിൽക്കുവാനുമുള്ള ഇവരുടെ മന:ശക്തി പ്രശംസിക്കപ്പെടേണ്ടത് തന്നെയാണ്.

## മതം:

ഹിന്ദുക്കൾ, മുസ്ലിം, ക്രൈസ്തവരും ഒരമ്മ പെറ്റ മക്കളെപോലെയാണ് പണ്ട് കാലങ്ങളിൽ കഴിഞ്ഞിരുന്നത്. ഇന്നും അത് തുടരുന്നു. മുസ്ലിം ആരാധനാലയമായ പുത്തൻ പള്ളി, ഹിന്ദു ആരാധനാലയ ശ്രീ ശാസ്താകോവിൽ ക്രിസ്ത്യൻ ആരാധനാലയം സെൻറ് തോമസ് ദേവാലയം ഇവിടെ സ്ഥിതി ചെയ്യുന്നു. ജാതി മത ഭേദമന്യേ ഇവർ സഹോദരങ്ങളെപ്പോലെ ജീവിക്കുന്നു.

## വിദ്യാഭ്യാസം:

പണ്ട് കാലങ്ങളിൽ തീരദേശം വിദ്യാഭ്യാസ മേഖലയിൽ അത്ര പുരോഗതി നേടിയിരുന്നില്ല. എന്നാൽ ഇവിടെയെത്തിയ കനോഷ്യൻ സിസ്റ്റേഴ്സ് സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകികൊണ്ട് ഒരു വിദ്യാലയം സ്ഥാപിച്ചു സെൻറ് ഫിലോമിനാസ് ജി.എച്ച്.എസ്. കൂടാതെ സെൻറ് തോമസ് സ്കൂളും ഇവിടെ സ്ഥാപിതമായി. ഇക്കാരണങ്ങളാൽ തന്നെ സാക്ഷരതയിൽ മുന്നേറി ഈ മേഖല ഉയർന്നു. മിഷണറിമാരുടെ പ്രവർത്തനം പൂന്തുറയിലെ വിദ്യാഭ്യാസ നിലവാരത്തെ ഉന്നതങ്ങളിലെത്തിച്ചു. സ്ത്രീ-പുരുഷ വ്യത്യാസമില്ലാതെ ഇവർ ഉന്നത വിദ്യാഭ്യാസം നേടിവരുന്നു.

## ഭാഷ :

ഓരോ പ്രദേശത്തും തനതായ ഒരു ഭാഷാ ശൈലിയുണ്ട്. അതുപോലെ പൂന്തുറക്കും ഒരുനാട്ടുഭാഷയുണ്ട്. തമിഴ് നാട്ടുമായി അടുത്തബന്ധം പുലർത്തുന്നതിനാൽ ഇവരുടെ ഭാഷ മലയാളവും തമിഴും ചേർന്നതാണ്.

ഉദാ: ശുദ്ധ മലയാളം "ഇവിടെ വാ"

നാട്ടുഭാഷാ "ഇങ്ക വാ"

എന്നാൽ ഇന്നത്തെ തലമുറയിൽ ഇത് കാര്യമായി കാണുന്നില്ല. അവർ ശുദ്ധമായ ഭാഷ കൈകാര്യം ചെയ്യുന്നു.

<u>പ്രാധാന സ്ഥാപനങ്ങൾ :</u>

ആരാധനാലയങ്ങൾക്കു പുറമേ മത്സ്യഫെഡ്, കോർപ്പറേഷൻ എന്നീ ഓഫീസുകളും കുട്ടികളുടെ ബുദ്ധിവികാസത്തിനും, മാനസിക ഉല്ലാസത്തിനുമായി ചെറിയൊരു പാർക്കും പ്രവർത്തിക്കുന്നു. 'സ്റ്റുഡൻറ് ലൈബ്രറി' എന്ന പേരിൽ ഒരു വലിയ ലൈബ്രറി ഇവിടെയുണ്ട്. നാടിൻറെ ക്രമ സമാധാനം നിലനിർത്താനും നാടിനെ നയിക്കാനും പൂന്തുറ പോലീസ് സ്റ്റേഷൻ സഹായിക്കുന്നു.

<u>പ്രധാന വ്യക്തികൾ :</u>

പൂന്തുറ പ്രദേശത്ത് വിദ്യാഭ്യാസ മേഖലയിലും രാഷ്ട്രീയ മേഖലയിലും ആത്മീയ മേഖലയിലും നിരവധി പേർ തിരി തെളിയിച്ചു. ഈ ദീപം കെടാതെ ഇന്നും സൂക്ഷിക്കുന്നു. പൂന്തുറയുടെ ചരിത്രത്തിൽ ഇവിടെ നിന്നും ഒരു മേയറെ തെരഞ്ഞെടുക്കുകയുണ്ടായി. നിലവിൽ ഭരണം നടത്തുന്ന ഗതാഗത മന്ത്രിയായ ശ്രീ. ആൻറണി രാജുവിൻറെ സ്വദേശം പൂന്തുറയാണ്. ആലപ്പുഴയിലെ സബ് കളക്ടർ ശ്രീ. അലക്സാണ്ടർ പൂന്തുറയിൽ നിന്നുള്ള വ്യക്തിയാണ്.

<u>ആഘോഷങ്ങൾ</u>

തീരദേശത്തെ പ്രധാന ആഷോഘമാണ് വി. തോമാശ്ലീഹയുടെ തിരുനാൾ. ഉയർപ്പു ഞായർ മുതൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷം.

<u>മാണിക്യവിളാകം</u>

സ്വാതന്ത്ര്യ സമരകാലത്ത് മാണിക്ക്യൻ എന്ന പേരായ വ്യക്തിയെ ഈ പ്രദേശത്ത് വച്ച് തൂക്കിലേറ്റിയതായി കേട്ടറിവുണ്ട്. അതിനാലാണ് മാണിക്യവിളാകത്തിന് ഈ പേര് ലഭിച്ചത്.

## എസ്.എം. ലോക്ക്

ശ്രീമൂലം തിരുനാൾ മഹാരാജാവിൻറെ കാലത്ത് പണി കഴിപ്പിച്ച എസ്.എം. ലോക്ക് ഈ പ്രദേശത്തെ ജലഗതാഗത്തിന് ആക്കം കൂട്ടി. ആഴം കൂടുതലെങ്കിലും വീതി കുറവായതിനാൽ ചരിക്കിറക്കുന്നതിനും ജനസഞ്ചാരത്തിനും മാത്രമായി ഈ ലോക്ക് ഉപയോഗിച്ചുവരുകയായിരുന്നു. കാലക്രമേണ ചരക്കുനീക്കത്തിൻറെ തോത് കുറഞ്ഞു വരുകയും പൂർണ്ണമായും ഇതിൻറെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. എങ്കിലും ചരിത്രത്തിൻറെ പ്രാധാന്യം വെളിവാക്കി കൊണ്ട് ഇതിൻറെ അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നു.

## പാർവ്വതീ പുത്തനാർ :

തിരുവനന്തപുരത്ത് വള്ളക്കടവ് (കല്പാക്കടവ്) മുതൽ വർക്കല കുന്ന് വരെ പ്രധാന കായലുകളെ ഇടക്കിടയ്ക്ക് തോടുകൾ വെട്ടി ബന്ധപ്പെടുത്തി നിർമ്മിച്ച ജലപാതയാണിത്. ഈ ജലപാത പൂന്തുറയിലും വേളിയിലുമായി സമുദ്രത്തിലേക്ക് തുറക്കുന്നത് പ്രകൃത്യാലുള്ള ശുചീകരണം സാധ്യമാക്കിയിരുന്നു. എന്നാൽ ഇന്ന് മണൽത്തിട്ടകൾ അടിഞ്ഞ് ഈ ഭാഗം അടഞ്ഞുപോയിരിക്കുന്നു. കൊച്ചി, കൊല്ലം, ആലപ്പുഴ എന്നീ സ്ഥലങ്ങളിൽ കരമാർഗ്ഗം ചരക്കെടുക്കാൻ ബുദ്ധിമുട്ടായിരുന്നു. ഇതിന് പരിഹാരമായി ഇത് നിർമ്മിച്ചതാണ് ഈ ജലപാത.

## സ്ഥലനാമ ചരിത്രം:

1824 തിരുവിതാംകൂറിലെ റീജൻറായി ഭരണം നടത്തിയിരുന്ന റാണി ഗൗരി പാർവ്വതീ ഭായിയാണ് ഈ ചാൽ നിർമ്മിച്ചത്. അതുകൊണ്ടാണ് റാണിയുടെ പേരിൽ ഈ ചാൽ അറിയപ്പെടുന്നത്. പുതുതായി നിർമ്മിച്ചതിനാൽ പുത്തനാർ എന്ന പേരും ലഭിച്ചത്. ചുറ്റും താമസിക്കുന്നവരുടെ വളരെക്കാലത്തെ ദുരുപയോഗം മൂലവും അധികൃതരുടെ അനാസ്ഥയും

ഈ ജലപാത ഇന്ന് ഉപയോഗശൂന്യമായിരിക്കുകയാണ്. ഈ പാതയുമായി ബന്ധപ്പെട്ട് കയർ വ്യവസായം നിലനിന്നു.

# ബീമാപള്ളി

## ഭൂമി ശാസ്ത്രപരമായ സവിശേഷതകൾ :

കേരളത്തിൻറെ തലസ്ഥാനമായ തിരുവനന്തപുരത്തു 8 കിലോമീറ്റർ മാറി തെക്ക് പടിഞ്ഞാറ് ഭാഗത്ത് പൂന്തുറയ്ക്കും ചെറിയ തുറയ്ക്കുമിടയിൽ അറബിക്കടലിൻറെ മടിത്തട്ടിൽ നിലകൊള്ളുന്നതാണ് ബീമാപള്ളി. പണ്ടു കാടുകൾ പോലെ കാണപ്പെട്ട പ്രദേശം ഇന്ന് കാണുന്ന ബീമാപള്ളി ആയതിനു പിന്നിൽ നിരവധി വ്യക്തികളുടെ വിയർപ്പുണ്ട്.

## സ്ഥലനാമ ചരിത്രം :

നബി തിരുമേനിയുടെ പരമ്പരയിൽപ്പെട്ട ബീമാബീവിയുടെയും മകനായ സെയ്ദ് ഷാഹിദ് മാഹീൻ അബൂബക്കറിൻറെയും ഖബറുകളാണ് ബീമാപള്ളിയിൽ ഉള്ളത്. ബീമാബീവിയുടെ പേരിൽ നിന്നാണ് ബീമാപള്ളി എന്ന പേര് ഉണ്ടായത്.

## സാമൂഹ്യ ജീവിതം

'മിനി ഗൾഫ്' എന്ന് അറിയപ്പെടുന്ന പ്രദേശം ഗൾഫില് കിട്ടുന്ന എല്ലാ സാധനങ്ങളും തനതുവിലയിലോ അതിൽ കുറച്ചോ ഇവിടെ ലഭിക്കും എന്നതാണ് ഇങ്ങനെ അറിയപ്പെടാൻ കാരണം. പണ്ട് കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നിന്നും ആളുകൾ ഇവിടെ സാധനം വാങ്ങാൻ വരുമായിരുന്നു.

## വിദ്യാഭ്യാസം :

പണ്ടുകാലങ്ങളിൽ മതപഠനങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയതെങ്കിൽ ഇന്ന് മതപഠനത്തോടൊപ്പം വിദ്യാഭ്യാസ മേഖലയ്ക്ക് ഊന്നൽ നൽകുന്നു. സ്ത്രീകൾ അധികം പുറത്തിറങ്ങാതിരുന്ന സാഹചര്യമാണ് നിലനിന്നിരുന്നത്. എന്നാൽ ഇന്ന് അതിൽ ഒത്തിരി

മാറ്റം സംഭവിച്ചിരിക്കുന്നു. എന്നാൽ ഇന്ന് കുറച്ച് കുടുംബങ്ങളിലെങ്കിലും സ്ത്രീകൾ അധികം പുറത്തിറങ്ങാറില്ല.

## ഭാഷ :

ബീമാപള്ളിക്കും അവരുടേതായ ഭാഷാശൈലിയുണ്ട്. മതവും അവരുടെ ഭാഷയെ സ്വാധീനിച്ചിരിക്കുന്നു.

## പ്രധാന സ്ഥാപനങ്ങൾ :

തിരുവനന്തപുരം സ്വദേശി വാസ്തുശില്പിയായ ജി. ഗോപാലകൃഷ്ണൻ 1967-ൽ തുടങ്ങി 17 വർഷം കൊണ്ട് പണി കഴിപ്പിച്ചതാണ് ബീമാപള്ളി. കാണിക്കവഞ്ചിയിലിടുന്ന ചെറിയ നാണയത്തുട്ടുകൾ കൊണ്ട് നിർമ്മിച്ച ആരാധനാലയം.

## സാമ്പത്തികം :

ബീമാപള്ളിയിൽ ജനങ്ങൾ ഭൂരിഭാഗവും വരുമാനത്തിനായി ഗൾഫ് രാജ്യങ്ങളെ ആശ്രയിക്കുന്നു. ഈ രചനയിൽ സൂചിപ്പിച്ചതുപോലെ ഒരു 'മിനി ഗൾഫ്' എന്നറിയപ്പെടുന്ന ഇവിടം വ്യാപാര സ്ഥാപനങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന അനേകം പേരുണ്ട്. കൂടാതെ മത്സ്യബന്ധനവുമുണ്ട്. സ്ത്രീകൾ വീടുകളിൽ ചെറിയ ചെറിയ ജോലികൾ ചെയ്ത് വരുമാനം ഉണ്ടാക്കാറുണ്ട്. ഭൂരിഭാഗം കുടുംബവും പുരുഷൻമാരെ ആശ്രയിച്ചാണ് കഴിയുന്നത്.

## മതം :

മുസ്ലിം വിഭാഗത്തിൽപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് ബീമാപള്ളി. ഭൂരിഭാഗം ജനങ്ങളും ഈ പ്രദേശത്ത് ഈ മതത്തിൽ വിശ്വസിക്കുന്നു. മതപഠനത്തിനും ആചാരങ്ങൾക്കും ഏറെ പ്രാധാന്യം നൽകുന്നവരാണ് ഇവർ.

## ആഘോഷങ്ങൾ :

ബീമാപള്ളി ഉറൂസ് ഏറെ പ്രസിദ്ധമാണ്. 10 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവം. ബീമാബീവിയുടെ ചരമ വാർഷികത്തോടനുബന്ധിച്ച് ആഘോഷിക്കുന്ന ഉത്സവം. ഉത്സവ പതാക ഉയർത്തുന്നതോടെ ആരംഭിക്കുന്നു. ഇതിനോടനുബന്ധിച്ച് ചന്ദനക്കുടം മഹോത്സവം നടത്തപ്പെടുന്നു. ആളുകൾ നാണയം നിറച്ച മൺപാത്രങ്ങൾ ചന്ദനം തേച്ച

കുടങ്ങളിൽ കൊണ്ടുവരുന്നതാണ്. ഇതിനോടനുബന്ധിച്ച് നിരവധി കലാരൂപങ്ങൾ നടത്തപ്പെടുന്നു.

<u>സംസ്കാരം :</u>

മതത്തിന് പ്രാധാന്യം കൊടുക്കുന്ന ഇവരിൽ സ്ത്രീകൾ ഭൂരിപക്ഷം സ്ത്രീകളും കറുത്ത നിറത്തിലുള്ള പർദ്ദ ധരിച്ചണ് പുറത്തിറങ്ങുന്നത്. മതനിയമങ്ങൾ കർശനമായി ഇവിടെ പാലിക്കപ്പെടുന്നു. പെൺകുട്ടികളിൽ ഭൂരിഭാഗവും നേരത്തെ വിവാഹിതരാകുന്നു. മക്കളാൽ സമ്പന്നമാണ് ഇവരുടെ ഭവനം. പക്ഷെ ഇന്ന് ഇതിൽ മാറ്റം വരുന്നുണ്ട്. ഇന്നത്തെ സമൂഹം സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നു.

# വലിയതുറ

തിരുവനന്തപുരം ജില്ലയിൽ അറബി കടലിനോട് ചേർന്ന് പഴമയുടെ പ്രാധാന്യം വിളിച്ചോതുന്ന വലിയതുറ പാലമാണ് ഇവിടുത്തെ ഏറ്റവും ചരിത്രപ്രധാനമായ വസ്തുത. ബ്രിട്ടീഷ് ഭരണ കാലത്ത് പണിത പാലത്തിലൂടെ അനേക വർഷങ്ങൾ ചരക്ക് ഇറക്കുമതി ചെയ്തിരുന്നു. ചരക്ക് ഇറക്കിവയ്ക്കുന്നതിനുവേണ്ടി പണിത കൂറ്റൻ ഗോഡൗണുകളും തുറമുഖ വകുപ്പിൻറെ ഓഫീസും ഈ പ്രദേശത്തുണ്ട്.

75 വർഷങ്ങൾക്ക് മുമ്പ് ഒരു ഞായറാഴ്ച ഗതി തെറ്റി വന്ന കൂറ്റൻ ചരക്കു കപ്പലിടിച്ച് പാലത്തിൻറെ പകുതിഭാഗത്തോളം പൊട്ടിയടർന്ന് കടലിൽ വീണു. 75 -ൽ അധികം വ്യക്തികൾ മരണപ്പെട്ടു. തുടർന്ന് വലിയതുറ പാലത്തിലൂടെയുള്ള ചരക്കുനീക്കം പൂർണ്ണമായും അവസാനിച്ചു. പാലം പുനർനിർമ്മിക്കാനുള്ള പ്രവർത്തനം പലപ്പോഴായി ആരംഭിച്ചവെങ്കിലും ഒന്നും പൂർത്തിയാക്കാനായില്ല. പ്രധാനമായും പഞ്ചസാര, ഗോതമ്പ് എന്നിവയാണ് ഈ പാലത്തിലൂടെ ഇറക്കുമതി ചെയ്തിരുന്നത്.

# തിരുവല്ലം

<u>ഭൂമിശാസ്ത്രം :</u>

ഈ പ്രദേശത്തിൻറെ അക്ഷാംശം - രേഖാംശം സ്ഥാനം 8.440 എൻ, 76.950 ഇ ആണ്.

<u>സ്ഥലനാമ ചരിത്രം :</u>

തിരുവല്ലം എന്ന പേരിനു പിന്നിൽ ഒരു ഐതിഹ്യമുണ്ട്. കൊച്ചി ഭരിച്ചിരുന്നത് തിരുവിതാംകൂർ രാജാക്കൻമാർ ആയിരുന്നു. തിരുവിതാംകൂർ രാജാക്കൻമാരെ 'തിരുമനസ്സ്'

എന്ന് വിളിച്ചിരുന്നു. എല്ലാ ദിവസവും തിരുമനസ്സ് ശ്രീ പരശുരാമ സ്വാമി ക്ഷേത്രത്തിൽ വല്ലങ്ങൾ നിറയെ പുഷ്പങ്ങളും പഴങ്ങളും ആയി വരുമായിരുന്നു. ഈ പതിവ് തുടർന്നുകൊണ്ടിരുന്നു. 'തിരുമനസ്സ്', 'വല്ലം' എന്നീ വാക്കുകളിൽ നിന്നാണ് തിരുവല്ലം എന്ന നാമം ഈ പ്രദേശത്തിന് ലഭിച്ചു. ഈ പ്രദേശം സർവ്വരാലും അറിയപ്പെടുന്നത് തിരുവല്ലം പരശുരാമ ക്ഷേത്രത്തിൻറെ പേരിലാണ്.

## സാംസ്കാരികം :

കേരളത്തിലെ ഏക പരശുരാമക്ഷേത്രം സ്ഥിതി ചെയ്യുന്നത് തിരുവല്ലത്താണ്. പരശുരാമൻറെ സന്നിധിയിൽ ബലിയർപ്പിച്ചാൽ പരതേത്മാവിന് മോക്ഷം ലഭിക്കുമെന്ന് വിശ്വാസമാണ് ഭക്തരെ ഇവിടേക്ക് ആകർഷിക്കുന്നത്. ഇവിടെ കർക്കിടക വാവിന് ബലിയർപ്പിച്ചാൽ ഒരു വർഷം മുഴുവൻ ബലിയർപ്പിക്കുന്നതിൻറെ പുണ്യം ലഭിക്കും എന്ന വിശ്വാസമുണ്ട്.

പ്രസിദ്ധക്ഷേത്രം തിരുവല്ലം

മഹാവിഷ്ണുവിൻറെ ആറാമത്തെ അവതാരമാണെന്നും മഴു എറിഞ്ഞ് കേരളത്തെ സൃഷ്ടിച്ചുവെന്നും പരശുരാമനെക്കുറിച്ച് ഐതിഹ്യമുണ്ട്. നൂറുക്കണക്കിന് ശൈശവ വൈഷ്ണവ ക്ഷേത്രങ്ങളും ദുർഗാലയങ്ങളും സ്ഥാപിച്ച പരശുരാമൻറെ പേരിൽ ഒരേയൊരു ക്ഷേത്രം മാത്രമേയുള്ളൂ എന്നതാണ് സത്യം. തിരുവല്ലം ശ്രീ പരശുരാമ ക്ഷേത്രം പ്രത്യേകതകൾ കൊണ്ടും അപൂർവ്വതകൾ കൊണ്ടും പ്രശസ്തമാണ്. 'ശങ്കരാചാര്യർ' പ്രതിഷ്ഠ നടത്തി എന്നു വിശ്വസിക്കുന്നു. കർക്കിടക വാവ് ദിവസം ബലി അർപ്പിക്കാൻ വിവിധ ദേശങ്ങളിൽ നിന്ന് ആളുകൾ എത്തുന്നു. 'പൂർവ്വികർക്ക് മോക്ഷം' ലഭിക്കാൻ തലമുറയിൽപ്പെട്ട ഉറ്റവർ നടത്തുന്ന ചടങ്ങ്.

# വെങ്ങാനൂർ - പ്ലാവിള

## സ്ഥല നാമചരിത്രം :

കല്ല് കൊണ്ടുള്ള കുളമായതുകൊണ്ട് പണ്ട് കല്ല് കുളം എന്നും പ്ലാവുകൾ ധാരാളം ഉള്ളതുകൊണ്ട് ഇപ്പോൾ പ്ലാവിള എന്നും ഈ പ്രദേശം അറിയപ്പെടുന്നു. 150 വർഷം പഴക്കമുള്ള തുറവൻകോണം കുളവും വൈക്കോൽ കുളവും പ്രദേശത്തിൻറെ പ്രത്യേകതകളാണ്. സാമൂഹ്യ പരിഷ്കർത്താവായ അയ്യങ്കാളിയുടെ ജന്മ സ്ഥലമാണ് വെങ്ങാനൂർ.

## ആഴാകുളം

<u>സ്ഥലനാമചരിത്രം :</u>

ക്ഷേത്രത്തിൽ ഉത്സവത്തിനെത്തുന്ന ആന ആറാട്ട് നടത്തിയിരുന്ന ആഴമുള്ള കുളമാണ് ആഴാകുളം.

## അഞ്ചുതെങ്ങ്

കേരളത്തിലെ തിരുവനന്തപുരം ജില്ലയിലെ ഒരു തീരദേശ പ്രദേശമാണ് അഞ്ചുതെങ്ങ്. വർക്കലയിൽ നിന്നും 12 കിലോമീറ്റർ മാറിയാണ് അഞ്ചുതെങ്ങ് സ്ഥിതി ചെയ്യുന്നത്. ബ്രിട്ടീഷ് സാമ്രാജ്യ വാഴ്ചയുടെയും ഗ്രാമീണ ജീവിതത്തിൻറെയും ഒരു സംയോജനമാണ് അഞ്ചുതെങ്ങ്. ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതുവരെ അഞ്ചുതെങ്ങ് ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിനു കീഴിലായിരുന്നു. പ്രശസ്തമായ അഞ്ചുതെങ്ങ് കോട്ട, ലൈറ്റ് ഹൗസ്, മാമ്പള്ളി ഹോളി സ്പിരിറ്റ് ദേവാലയവും, സെൻറ് പീറ്റേഴ്സ് ദൈവാലയവുമെല്ലാം ഈ തീരദേശത്തിൻറെ ഭംഗി കൂട്ടുന്നു.

<u>ഭൂപ്രകൃതി :</u>

കേരളത്തിലെ തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ നിന്ന് 12 കിലോ മീറ്റർ മാറി സ്ഥിതി ചെയ്യുന്നതാണ് അഞ്ചുതെങ്ങ് തീരപ്രദേശം. കുന്നിൻ ചരിവു പ്രദേശവും, തീരദേശ സമതലങ്ങളും അടങ്ങുന്നതാണ് ഈ പഞ്ചായത്ത്. എക്കൽമണ്ണ് കലർന്ന മണൽമണ്ണാണ് ഇവിടെ കാണുന്നത്. ചുറ്റും കായലും കടലും.

<u>സ്ഥലനാമചരിത്രം :</u>

അഞ്ചുതെങ്ങിൻറെ ആദിനാമം അഞ്ചിങ്ങൽ എന്നായിരുന്നു. ഉദാത്തമായ ഭവനം (ക്ഷേത്രം) എന്നാണർത്ഥം. ഇത് തമിഴ് പദമാണ്. ഇംഗ്ലീഷുകാർക്ക് അത് അഞ്ചെങ്ങോ ആയി. ബ്രിട്ടീഷ് ഭരണകാലത്ത് അഞ്ചെങ്കോ എന്നായിരുന്നു അഞ്ചുതെങ്ങ് അറിയപ്പെട്ടിരുന്നത്.

അഞ്ചു ചുമട്ടുതാങ്ങി നിലനിന്നിരുന്നു എന്നും അഞ്ചു ചുമട്ടുതാങ്ങി എന്നാണ് ഇതിൻറെ ആദ്യരൂപമെന്നും വാദിക്കുന്നവരുണ്ട്. എന്നാൽ ചുമട്ടുതാങ്ങി എന്ന പദം ഉപയോഗിച്ചുതുടങ്ങുന്നതിന് മുൻപ് അഞ്ചിങ്ങൽ എന്ന പേരുപയോഗത്തിലിരുന്നു എന്നത് ഈ വാദം നിരാകരിക്കുന്നു. അഞ്ചുശിഖരങ്ങളുള്ള ഒരു തെങ്ങുണ്ടായിരുന്നുവെന്നും ആ തെങ്ങിൽ നിന്ന് ആവശ്യമുള്ള കായ്ഫലം കിട്ടിയിരുന്നുവെന്നും അങ്ങനെ അഞ്ചുതെങ്ങ് ആയി എന്നും പറയപ്പെടുന്നു.

ചരിത്രം :

തിരുവിതാംകൂർ പ്രദേശത്തിലെ ആദ്യത്തെ യൂറോപ്യൻ അധിവാസ കേന്ദ്രമായിരുന്നു അഞ്ചുതെങ്ങ്. ജലമാർഗ്ഗമുള്ള വ്യാപാര സൗകര്യം ആദ്യം പോർച്ചുഗീസ് - ഡച്ചു വ്യാപാരികളെയും പിന്നീട് ബ്രിട്ടീഷുകാരെയും ഈ സ്ഥലത്തേക്ക് ആകർഷിച്ചു. 1673-ൽ ഈസ്റ്റിന്ത്യാ കമ്പനിയുടെ പണ്ടകശാല തുറന്നതോടെ ഈ സ്ഥലത്തിൻറെ പ്രാധാന്യം വർദ്ധിച്ചു. കുരുമുളകും ചീട്ടിത്തുണിയുമായിരുന്നു പ്രധാന വിപണന സാധനങ്ങൾ. 1684-ൽ ആറ്റിങ്ങൾ റാണിയുടെ സമ്മതത്തോടെ ബ്രിട്ടീഷുകാർ ഈ സ്ഥലം കൈവശപ്പെടുത്തി. 1690-ൽ ഇവിടെ കോട്ട കെട്ടുന്നതിനുള്ള അനുവാദവും അവർക്ക് നൽകപ്പെട്ടു. ഈ കൈമാറ്റങ്ങൾ രേഖാമൂലമുള്ളതായിരുന്നില്ല. 1695-ലാണ് കോട്ടയുടെ പണി പൂർത്തിയായത്. വിഴിഞ്ഞം, കുളച്ചൽ, ഇടവാ തുടങ്ങിയ കച്ചവട സങ്കേതങ്ങളൊക്കെ അഞ്ചുതെങ്ങിൻറെ നിയന്ത്രണത്തിൽ ആയിരുന്നു. 1729-ൽ തിരുവിതാംകൂർ സംസ്ഥാനത്തെ കുരുമുളക് കുത്തക ഈസ്റ്റിന്ത്യാ കമ്പനിക്ക് ലഭിച്ചതോടെ അഞ്ചുതെങ്ങിൻറെ പ്രാധാന്യം ഗണ്യമായി വർദ്ധിച്ചു. കർണ്ണാട്ടിക് യുദ്ധകാലത്ത് (1781 - 84) യുദ്ധസാമഗ്രികളുടെ സംഭരണശാലയും വിതരണ കേന്ദ്രവുമായി ഇവിടം ഉപയോഗിക്കപ്പെട്ടു.

കായൽ പ്രദേശം ഇന്ത്യയിൽ ബ്രിട്ടീഷ് സാമ്രാജ്യ സ്ഥാപനത്തിനുശേഷം അഞ്ചുതെങ്ങിൻറെ പ്രാധാന്യം മങ്ങിത്തുടങ്ങി. ഈ സ്ഥലത്തിൻറെ ഭരണം തിരുവിതാംകൂർ റസിഡൻറിൻറെ കീഴിലുള്ള ഒരു സാധാരണ ഉദ്യോഗസ്ഥനിലൂടെ നിർവ്വഹിക്കപ്പെട്ടുവന്നു. 1801-ൽ വേലുത്തമ്പി ദളവയുടെ അനുയായികൾ അഞ്ചുതെങ്ങ് കോട്ട ആക്രമിച്ചു. 1813-ൽ ഇവിടുത്തെ പണ്ടകശാല അടച്ചുപൂട്ടിയതോടെ ഈ പ്രദേശത്തിൻറെ സാമ്പത്തിക ഭദ്രതയ്ക്ക് കോട്ടം ഉണ്ടായിത്തുടങ്ങി. 1906-ൽ അഞ്ചുതെങ്ങ് ഒരു പ്രത്യേക റവന്യൂ ജില്ലയാക്കി. 1927-ൽ

ഈ പ്രദേശം തിരുനെൽവേലി ജില്ലയിലുൾപ്പെടുത്തപ്പെട്ടു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ഈ നില തുടർന്നുപോന്നു. 1950-ലാണ് ഈ പ്രദേശം തിരു-കൊച്ചി സംസ്ഥാനത്തിൽ ലയിച്ചത്.

## അഞ്ചുതെങ്ങ് കോട്ട :

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിലെ ഒരു കടലോര ഗ്രാമമായ അഞ്ചുതെങ്ങിൽ ഈസ്റ്റ് ഇന്ത്യാ കമ്പനി 1695-ൽ കെട്ടിയ ഒരു കോട്ടയാണ് അഞ്ചുതെങ്ങ് കോട്ട എന്നറിയപ്പെടുന്നത്. ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് വ്യാപാരാവശ്യത്തിന് വേണ്ടി ആറ്റിങ്ങൽ മഹാറാണി കൽപ്പിച്ചു നൽകിയ ഒരു പ്രദേശമാണ് ഇത്. ആറ്റിങ്ങൽ റാണി ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് അഞ്ചുതെങ്ങിൽ ഒരു ഫാക്ടറി പണിയാൻ 1684-ൽ അനുവാദം നൽകി. 1690-ൽ ഇവിടെ ഒരു കോട്ട പണിയാനുള്ള അനുവാദം ലഭിച്ചു. കോട്ട പണിതത് 1695-ലാണ്.

ഇവിടുത്തെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം മീൻ പിടിത്തവും വ്യാപാരവും ആയിരുന്നു. ഇപ്പോൾ ഈ കോട്ട ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. എന്നാലും ഈ കോട്ട കാണാൻ ഇപ്പോഴും ധാരാളം പേർ എത്തുന്നുണ്ട്. ഈ കോട്ടയ്ക്കുള്ളിൽ നിന്നും കടലിലേക്ക് പോകുവാനും കടലിൽ കിടക്കുന്ന കപ്പലിൽ നിന്ന് സാധനങ്ങൾ കൊണ്ടുവരുന്നതിനും വേണ്ടി ഒരു തുരങ്കം നിർമ്മിച്ചിട്ടുണ്ട്.

## അഞ്ചുതെങ്ങ് കലാപം :

അഞ്ചുതെങ്ങ് വിപ്ലവമെന്നും ആറ്റിങ്ങൽ കലാപമെന്നും അഞ്ചുതെങ്ങ് യുദ്ധമെന്നുമൊക്കെ ചരിത്രത്തിൽ വിശേഷണങ്ങളുള്ള കലാപം ഇന്ത്യയിലെ തന്നെ ആദ്യ സ്വാതന്ത്ര്യസമരമാണ്. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയെ ഇന്ത്യയിൽ ആദ്യമായി ഞെട്ടിച്ച സംഭവമായിരുന്ന 1721 - ലെ ആ പോരാട്ടം. ഐതിഹാസികമായ ആ സംഭവത്തിനു സ്മാരകമായി അഞ്ചുതെങ്ങ് കോട്ടയല്ലാതെ മറ്റൊന്നും ബാക്കിയില്ല. ഒരു കൂട്ടം കർഷക - കയർ - മത്സ്യ - നെയ്ത്ത് തൊഴിലാളികളും അവരെ ആശ്രയിച്ച് കഴിയുന്ന കുറെ ഇടത്തരം വ്യാപാരികളും ജീവിക്കാനും ജീവൻ നിലനിർത്താനും വേണ്ടി കോർപ്പറേറ്റ് ഭീമനായ ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ നടത്തിയ അതിഹാസിക പോരാട്ടമായിരുന്നു അത്. ആദ്യം പോർച്ചുഗീസുകാരും തുടർന്ന് ഡച്ചുകാരും പിന്നീട് ഇംഗ്ലീഷുകാരും എത്തുന്നതിനു മുൻപ് തന്നെ തിരുവിതാംകൂറിലെ പ്രശസ്ത വ്യാപാര കേന്ദ്രമായിരുന്നു അഞ്ചുതെങ്ങ്. അക്കാലത്തെ ഏറ്റവും

വലിയ ഗതാഗത സാധ്യതയായ ജലപാത അഞ്ചുതെങ്ങിനു സവിശേഷ സ്ഥാനം നൽകിയിരുന്നു.

<u>സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക നേതാക്കൾ :</u>

അഞ്ചുതെങ്ങിൻറെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന ശ്രീ-ജ്ഞാനേശ്വര ക്ഷേത്രം (പുത്തൻ നട) സ്വാമി മഠം, ഇവ രണ്ടിലും പ്രതിഷ്ഠ നടത്തിയത് ശ്രീനാരായണ ഗുരുവാണ്. ബോർഡ് ബോയ്സ് എൽ.പി.എസ്. കോന്നിയിലാണ് ആദ്യത്തെ സ്കൂൾ സ്ഥാപിതമായതി. ചെക്കും മൂട് കഥകളിയുടെ പ്രധാന സങ്കേതമായിരുന്നു. കുമാരനാശാനും വക്കം ഖാദറും ഈ പഞ്ചായത്തിൻറെ സന്തതികളാണ്. പ്രസിദ്ധമായ ഗുസ്തി മത്സരം ഇവിടെ നടന്നിരുന്നു. അഞ്ചുതെങ്ങ് കായലിൽ വള്ളം കളി പതിവായിരുന്നു.

# ഉപസംഹാരം

സെൻറ് ഫിലോമിനാസ് ഹൈസ്കൂൾ പൂന്തുറയിലെ യു.പി, എച്ച്.എസ് വിഭാഗത്തിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ അവരുടെ പ്രദേശത്തിൻറെ ചരിത്രങ്ങൾ ക്രോഡീകരിച്ചുള്ള ഒരു സംക്ഷിപ്ത രൂപമാണ് "ഗ്രാമ സ്മരണകൾ".

പത്താം ക്ലാസിലെ ശ്രീദേവി, ഹംന സാദിക്, ഫാത്തിമ.എൻ എന്നിവർ പാർവ്വതി പുത്തനാർ, പരുത്തിക്കുഴി എന്നീ സ്ഥലങ്ങളെ കുറിച്ചും ഒമ്പതാം ക്ലാസ്സിലെ ക്രിസ്മാ മരിയ, നൗഫിയ, അനഘ, ഫർസാന, ഫൗസിയ എന്നിവർ അഞ്ചുതെങ്ങ്, ബീമാപള്ളി എന്നീ പ്രദേശങ്ങളെ കുറിച്ചും എട്ടാം ക്ലാസ്സിലെ ശ്രീ ലക്ഷ്മി, അബിഗെയിൽ, ആസിയ. ആർ. ജിതിന എന്നിവർ പൂന്തുറ, തിരുവല്ലം എന്നീ പ്രദേശങ്ങളെ കുറിച്ചും പ്രാദേശിക രചനകൾ നടത്തുകയുണ്ടായി.

യു.പി യിൽ നിന്നും അനന്യ, അനുപമ, ഫാത്തിമ, സ്വാലിഹത്ത്, ആസിയ, ആർശ, അശ്വതി എന്നീ കുട്ടികൾ മുകളിൽ പ്രസ്താവിച്ച സ്ഥലങ്ങൾ കൂടാതെ ആഴാകുളം, വെങ്ങാനൂർ-പ്ലാവിള എന്നീ പ്രദേശങ്ങളെ കുറിച്ചും പ്രാദേശിക രചന നടത്തി.

ഇതിൻറെ ക്രോഡീകരണത്തിന് അധ്യാപിക പ്രതിനിധികൾ നേതൃത്വം നൽകി.

<u>ഫോട്ടോ ഗ്യാലറി:</u>

## പൂന്തുറ






## പൂന്തുറ പള്ളി



പൂന്തുറ പുത്തൻ പള്ളി



പൂന്തുറ ശാസ്താ ക്ഷേത്രം

## ബീമാപള്ളി



വലിയതുറ



വലിയതുറ പാലം

തിരുവല്ലം



# അഞ്ചുതെങ്ങ്

